

**അവൾ കുട്ടിക്ക് മുലകൊടുക്കട്ടെ**

ഇടശ്ശേരി

1

# അവൾ കുട്ടിക്ക് മുലകൊടുക്കട്ടെ

ഇടശ്ശേരി

ഓരോ ഗ്രാമത്തിനും തനതായ ഒരു നാടകവേദി, സ്കൂളില്ലേ, അതുപോലെ, വമ്പിച്ച ഭാരങ്ങൾക്കൊന്നും വകയില്ല. നാടകത്തിനുവേണ്ടി മാത്രം ഒരു കെട്ടിടവും ആവശ്യമില്ല. കൊച്ചു വിദ്യാലയങ്ങൾ പണിയുമ്പോൾ അതൊരു നെടുനീളൻ ഹാൾ ആക്കാൻ ശ്രദ്ധിച്ചാൽ മതി. ഇന്നുള്ളതിലും ഒരുകോൽ അധികം ഉയരം വേണ്ടിവരും, പകൽ സ്കൂൾ, രാത്രി നാടകശാല. രണ്ടോ മൂന്നോ കർട്ടൻ. പരിമിതമായ മറ്റു കോപ്പുകളും. നടീനടന്മാരാണ് പിന്നെ വേണ്ടത്. അഭിനയകലയിൽ മിടുക്കുള്ള ചെറുപ്പക്കാർ ദുർല്ലഭമല്ല. ആഗ്രഹമുള്ളവരാണ് ഭൂരിപക്ഷം. ഒരാൾ വേണം, ഇതെല്ലാം അടുപ്പിക്കാനും കൊണ്ടുനടക്കാനും. നാലഞ്ചു നാടകങ്ങളെങ്കിലും കൊല്ലത്തിൽ പലതവണയായി അരങ്ങേറുക. വിശേഷദിവസങ്ങളിൽ മതി. ഓണം വിഷു തിരുവാതിരകളിൽ, പെരുന്നാൾ ദിവസങ്ങളിൽ, ക്രിസ്തുമസ് ദിനത്തിൽ. അങ്ങനെ പലപ്പോഴായിട്ട്. അതായത് എല്ലാ വയറും നിറയുന്ന ദിവസം എന്നർഥം. ഇതാണ് എന്റെ സ്വപ്നത്തിലുള്ള ഗ്രാമീണ നാടകവേദിയുടെ ഏതാണ്ടൊരു ചിത്രം.

എന്താണ് ഉദ്ദേശ്യം? രസിക്കാമല്ലോ. ഒരു കാര്യം: എന്താണ് നാട്ടിൻപുറത്തുകാരായ നമ്മൾക്ക് ഒന്നു കണ്ടുരസിക്കാനുള്ളത്? സിനിമ കാണണമെങ്കിൽ ചുരുങ്ങിയത് അഞ്ചും പത്തും അണ ബസ്സിനു കൊടുക്കണം. ടിക്കറ്റിന്നു വില വേറേയും. അമ്മയും അച്ഛനും മക്കളുംകൂടി കൊല്ലത്തിൽ ഒരിക്കൽ സിനിമയ്ക്കു പോയാൽ മതി, മടിശ്ശീലയുടെ ക്ഷീണം കൊല്ലത്തോടു കൊല്ലം നിലനില്ക്കും. ഗ്രാമക്ഷേത്രത്തിലെ ഉത്സവത്തിനു പോയാൽ പോരേ? മതിയായിരുന്നു. പക്ഷേ, എവിടെ? ഉത്സവം പോയിട്ട്, പൂജമുട്ടാത്ത ക്ഷേത്രങ്ങൾ തന്നെ ചുരുങ്ങിത്തുടങ്ങി. അഥവാ വല്ലേടത്തും ഉത്സവം കഴിക്കുന്ന ക്ഷേത്രം ഉണ്ടെന്നിരിക്കട്ടെ, എല്ലാവർക്കും പോകാനും വയ്യല്ലോ. ക്ഷേത്രങ്ങളെ സകലജനാഭിഗമ്യങ്ങളും, ഉത്സവങ്ങളെ ഇനിയുമിനിയും രുചികരങ്ങളുമാക്കിക്കൂടേ? -ഓ, അതെല്ലാം കൂടുതൽ ബുദ്ധിയും ജമയുമുള്ളവർ ആലോചിക്കേണ്ട വിഷയങ്ങൾ. അവർ ആലോചിക്കട്ടെ. രസിക്കാൻ മാത്രമല്ല, വേറെയും കാര്യമുണ്ട്. നാടകംകൊണ്ട് നമുക്ക് പലതും സാധിക്കാനുണ്ട്. അതുകൊണ്ട് നാടകംകൊണ്ടു മാത്രമല്ല, അത്തരം എല്ലാ ദൃശ്യകലകൾകൊണ്ടും ബുദ്ധിമാന്മാരായ നമ്മുടെ പൂർവികന്മാർ പലതും സാധിച്ചിട്ടുണ്ട്. അത്ഭുതകരമായ നേട്ടങ്ങൾ! ജനങ്ങൾ പല തരക്കാരല്ലേ? പിച്ചപ്പാളമാത്രം സ്വന്തമാക്കിയിട്ടുള്ളവർ, പിടിപ്പതിലധികം സമ്പത്തുള്ളവർ, ഇത് സ്വത്തിന്റെ കാര്യത്തിൽ. ഇതിലേറെയാണ് വിജ്ഞാന വിഷയത്തിൽ. വിദ്യാഭ്യാസം ക്രമേണ സാർവത്രികമാവുകയാണ്. പണ്ടോ? അക്ഷരശൂന്യന്മാരായിരുന്നു ബഹുഭൂരിപക്ഷം. അപാരപാണ്ഡിത്യവും പ്രതിഭയും കുറച്ചുപേർക്കും. എന്നിട്ടും തോളൊത്തുനിന്ന ഒരു സംസ്കാരം ഇവിടെ ഉണ്ടാക്കി, നിലനിർത്തി. പൗരധർമങ്ങൾ, രാജനീതികൾ, സദാചാര പാഠങ്ങൾ ഇവയിലെല്ലാം സാമാന്യവിജ്ഞാനം ജനതയ്ക്കുണ്ടായിരുന്നു. ഉറച്ച വിശ്വാസവും. ഇതെല്ലാം എങ്ങനെ സാധിച്ചു? മറ്റൊരിന്ദ്രജാലവുമല്ല. ദൃശ്യകലകളിലൂടെ അവർ ബഹുജനാധ്യയനം നടത്തി ത്യാഗഭൂയിഷ്ഠമായ രാമന്റെ ജീവിതമാണ് അഭികാമ്യമെന്നും ഭോഗമലീമസമായ രാവണന്റെ ജീവിതം നിന്ദ്യവും നാശകരവുമാണെന്നും അവർ അരങ്ങത്തുവെച്ചു പഠിപ്പിച്ചു. സഹോദരപ്പോര് സർവനാശം വരുത്തുമെന്നും ധർമം മാത്രമേ വിജയിക്കുകയുള്ളുവെന്നും ആയിരമായിരം കഥകളും ഉപകഥകളും പറഞ്ഞ് അവർ ജനങ്ങൾക്ക് ബോധ്യപ്പെടുത്തിക്കൊടുത്തു. വയോജനവിദ്യാഭ്യാസം പണ്ടുമുണ്ടായിരുന്നു. പക്ഷേ, വയോജനവിദ്യാഭ്യാസമേ സാർവത്രികമായിട്ടുണ്ടായിരുന്നുള്ളൂ. തല നരച്ചവരെ പിടിച്ചിരുത്തി സ്ലേറ്റും പെൻസിലും കൊടുത്ത് 'കാക്ക' എന്നെഴുതിച്ച് മനം മടുപ്പിക്കുന്ന വിദഗ്ധവേലകളായിരുന്നില്ലെന്നു മാത്രം.

വിദ്യാഭ്യാസം ക്രമേണ സാർവത്രികമാവുകയാണ് എന്നു പറഞ്ഞു പോയി. അബദ്ധമാണ്. വിദ്യാഭ്യാസം എഴുത്തും വായനയുമായി ചുരുങ്ങി വരികയാണ്. കാര്യവും അകാര്യവും തിരിച്ചറിയാൻ ഈ എഴുത്തും വായനയും പോരാ. ജീവിതത്തിലെ കുഴഞ്ഞുമറിഞ്ഞ പ്രശ്നങ്ങളെക്കുറിച്ച് അവഗാഢമായ മനനം നടത്തി തെറ്റാത്ത ഒരു തീരുമാനത്തിലെത്താൻ ഈ എഴുത്തും വായനയും മാത്രം വശമാക്കിയവർക്ക് സാധ്യമല്ല. കോടിക്കണക്കിനുള്ള നമ്മുടെ ജനങ്ങളിൽ കർത്തവ്യബോധമുണ്ടാക്കാൻ നമ്മൾ ആ പഴയ വഴിക്കുതന്നെ തിരിയേണ്ടിയിരിക്കുന്നു. അതായത്, ഏതാണ് തെറ്റ്, ഏതാണ് ശരി എന്നു കണ്ടുപിടിക്കത്തക്കവിധം വൈവിധ്യപൂർണമായ ജീവിതങ്ങളുടെ പകർപ്പുകളെ കലയുടെ കണ്ണാടിച്ചില്ലിലിട്ട് അരങ്ങത്ത് പ്രദർശിപ്പിക്കുകയും ജനങ്ങളുടെ വിവേചനശക്തിയെ സഹായിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. ഇതാണ് ചുരുക്കത്തിൽ നാടകവേദികളുടെ ഉദ്ദേശ്യം.



**അവൾ കുട്ടിക്ക് മുലകൊടുക്കട്ടെ**

ഇടശ്ശേരി



ഇത് നാടകങ്ങളുടെ ഒരു പുനരുദ്ധാരണകാലമാണ്. കേരളത്തിൽ മാത്രമല്ല, മറ്റു പ്രവിശ്യകളിലും ഉടനീളം ജനങ്ങൾ കൂടുതൽ താത്പര്യം പ്രദർശിപ്പിക്കുവാൻ തുടങ്ങീട്ടുണ്ട്. ഈ ഒഴുക്കിൽ നമുക്ക് കുറെ മുമ്പോട്ടു പോകാം. പോവുകതന്നെ വേണം. പക്ഷേ, ശ്രദ്ധാപൂർവമായിരിക്കണം നമ്മൾ ഓരോ അടിയും മുമ്പോട്ടുവെയ്ക്കുന്നത്. ഏതാണ്ട് കാൽനൂറ്റാണ്ടു മുമ്പുവരെ ഇവിടെ കെട്ടും മങ്ങിയും കൊണ്ട് ഒരുതരം ഗ്രാമീണനാടകവേദികൾ നിലനിന്നിരുന്നു. വെള്ളരിനാടകമെന്ന് അതിനെ പരിഹസിക്കത്തക്കവിധം അശ്രദ്ധകൊണ്ടും ലഘുതാബോധം കൊണ്ടും അവ വേണ്ടതിലധികം വൈരൂപ്യം പ്രാപിച്ചിരുന്നു. അതുകൊണ്ട് നമ്മളതെല്ലാം പൊളിച്ചുകളഞ്ഞു. അതിൽ നിന്നു പഠിച്ച പാഠങ്ങളെ ഇപ്പോൾ ഉപയോഗപ്പെടുത്തണം.

കലാസൃഷ്ടി എന്നതിനെ ജനകീയമാക്കുമ്പോൾ ഒരറ്റംവരെച്ചെന്നാൽ നിർത്തേണ്ടിവരും. പ്രമാണിമാർക്ക് സ്വന്തമായി കാറില്ലേ? എന്തുകൊണ്ട് എനിക്കു പാടില്ല? എനിക്ക് സ്വന്തമായി ഒരു കാറുണ്ടാകുന്നതിനെ നിഷേധിക്കുന്ന യാതൊരു ശാസ്ത്രവും ഈ ലോകത്തിലില്ല. എന്നല്ല പ്രമാണിക്ക് ഒരു കാറുണ്ടെങ്കിൽ എനിക്കും ഒരു കാറാവാമെന്ന്, പോരാ, എല്ലാവർക്കും ഓരോ കാറു കൂടിയേ കഴിയൂ എന്ന് സമർത്ഥവും ഫലപ്രദവുമായി വാദിക്കാൻ മിടുക്കന്മാരായ സാമ്യവാദികളും നമ്മുടെയിടയിലുണ്ട്. കലാവിദ്യകൾ ഒരിക്കലും നന്നാവാത്തവിധം അത്രയ്ക്കും ബൂർഷ്വകളാണ്. അബ്ദുൽ ഖാദർ പാട്ടുപാടുന്നു. നമ്മളെല്ലാം തലയാട്ടിയും താളം പിടിച്ചും രസിക്കുകയാണ്. ഞാൻ പാട്ടുപാടുമ്പോൾ നിങ്ങൾ പരസ്പരം നോക്കുകയും അമർത്തിച്ചിരിക്കയും ചിറികൊണ്ട് എന്തോ ഗോഷ്ഠികാണിക്കുകയും മെല്ലെ മെല്ലെ രംഗത്തിൽ നിന്നൊഴിഞ്ഞുമാറി ഒരു മഹാനിർവൃതി അനുഭവപ്പെട്ടപോലെ നീണ്ട നെടുവീർപ്പിടുകയും ചെയ്യുന്നു. ഞാൻ പാടിക്കൊണ്ടിരിക്കുമ്പോൾ നിങ്ങളെ സ്വസ്ഥാനത്തുതന്നെ പിടിച്ചിരുത്താനോ നിങ്ങളെക്കൊണ്ട് തലയാട്ടിക്കാനോ താളം പിടിപ്പിക്കാനോ സാധിക്കുന്ന തലത്തിലുള്ള യാതൊരു നിയമവും നാട്ടിലില്ല. സാമ്യവാദംപോലും എന്റെ സഹായത്തിനെത്തുന്നില്ല. കലാസൃഷ്ടി ഏതാനും പേരുടെ കുത്തകയായിത്തന്നെ നിലക്കൊള്ളുകയാണ്! അഭിനയകലയിൽ വാസനയും, ചുരുക്കത്തിൽ താനഭിനയിക്കുന്ന കഥാപാത്രത്തെ മനസ്സിലാക്കാനെങ്കിലും പോന്ന ജീവിതജ്ഞാനവുമുള്ളവനെ മാത്രമേ അരങ്ങത്തയയ്ക്കാവൂ. രൂപസൗഷ്ഠവവും ശ്രദ്ധേയമാണ്.

നമ്മുടെ വിദ്യാലയങ്ങളുടെയും വായനശാലകളുടെയും വാർഷികാഘോഷവേളകളിൽ അരങ്ങേറുന്ന നാടകാദികളെ കണ്ട് മടങ്ങിപ്പോരുമ്പോൾ പിന്നേയും ചിലതു ചിന്തിച്ചുപോകും. എന്താണവിടെ കാണുന്നത്? ഒന്ന്, രംഗവിധാനത്തിലുള്ള അശ്രദ്ധ. തിരശ്ശീല നീങ്ങുന്നു. രംഗം ഒന്ന് അസ്സൻകുട്ടിയുടെ ചായപ്പീടികയാണ് കാണുന്നത്. നെടുനീളത്തിലുള്ള ഒരു ബഞ്ചിൽ നിരന്നിരുന്ന് മൂന്നാൾ ചായകുടിക്കുന്നു. വർത്തമാനം പറയുന്നു. അസ്സൻകുട്ടി പിന്നിൽ നിൽക്കുന്നു. തീക്ഷ്ണമായ ഒരു വാദ്രപതിവാദം നടക്കുകയാണ്. പക്ഷേ, അഭിനേതാക്കൾക്ക് പരസ്പരം മുഖം കണ്ടു സംസാരിക്കണമെങ്കിൽ കഴുത്തുകൊണ്ടു കസർത്തെടുക്കണം. രംഗം രണ്ട്. അപ്പു മേനോന്റെ കിടപ്പുമുറി. അതേ ബഞ്ചുതന്നെ! സ്റ്റേജ് ഒരുക്കിയവൻ ഉചിതജ്ഞനാണെങ്കിൽ തെക്കു വടക്ക് കിടന്നിരുന്ന ബഞ്ച് ഇത്തവണ കിഴക്കു പടിഞ്ഞാറാക്കി ഇട്ടിരിക്കും! കാണികൾക്ക് രംഗബോധമുണ്ടാവേണ്ടത് രംഗസജ്ജീകരണത്തിൽ നിന്നല്ല, അവരുടെതന്നെ ഭാവനയിൽ നിന്നാണെന്ന് വാദിച്ചുകേട്ടിട്ടുണ്ട്. എങ്ങനെയാണ് യഥാർത്ഥത്തിലുള്ള ഒരു മന്ത്രിസഭാമണ്ഡപമോ, രാജാവിന്റെ അന്തഃപുരമോ രംഗത്തിൽ പ്രവേശിപ്പിക്കുക? ഒരു രാജപീഠമോ ഒരു ശയനീയമോ കാണുമ്പോഴേക്കും സഹൃദയരായ ദ്രഷ്ടാക്കളുടെ ഭാവന ബാക്കിയെല്ലാം സൃഷ്ടിച്ചുകൊള്ളും എന്നാണീ വാദം. പക്ഷേ, ഒരുണക്കക്കമ്പ് രംഗത്തിൽ നാട്ടി, 'ഝില്ലീഝങ്കാരനാദമണ്ഡിത സിംഹവ്യാഘ്രശല്യാദി മൃഗഗണാകീർണ്ണമാതപ ഹീനം' ഘോരവനമാണിതെന്നു ഭാവിക്കാൻ പറയുമ്പോൾ നാടകമേതായാലും രസം ഹാസ്യമായി മാറാതെ വയ്യ.

അസഹനീയമായ മറ്റൊരസ്വാരസ്യം സ്ത്രീകണ്ഠങ്ങളിൽ നിന്നു പുറപ്പെടുന്ന ഘർഘരശബ്ദമാണ്. വേഷമോ വിചിത്രം. ഒരു സാധാരണക്കാരിയാണ് കഥാപാത്രമെന്നിരിക്കട്ടെ. കസവു ബോർഡറുകൾ വെച്ചു മിന്നുന്ന സാരിയും, പഴകി ജടപിടിച്ചതും വെച്ചുകെട്ടിയതാണെന്നു വിളിച്ചു പറയു ന്നതുമായ 'ടോപ്പും' അണിഞ്ഞ് രംഗത്തെത്തുന്ന ആ വേഷം കാണുമ്പോൾ ഏതോ മഹർഷിശാപംകൊണ്ട് തത്ക്ഷണം ചണ്ഡാലിയായ രാജാംഗനയാണെന്നേ തോന്നൂ. അതിന്റെ കൂടെയാണ് മേൽപ്പറഞ്ഞ ഘർഘരസ്വരവും. വൈകൃതം മൂന്നാംമൂല തിരിയുന്ന ആ രംഗത്തിൽ നിന്ന് കണ്ണുകളെ പിന്തിരിപ്പിക്കുകയേ പിന്നെ രക്ഷയുള്ളൂ.

എന്തു ചെയ്യും? രംഗവിധാനം അശ്രദ്ധകൊണ്ടോ, അത്രമതി എന്നു വിചാരിച്ചിട്ടോ പറ്റിപ്പോയതാണ്. പരിഹരിക്കാം. സ്ത്രീവേഷക്കാരന്റെ ശബ്ദനാളം ഒന്നു മാറ്റിവെയ്ക്കാൻ 'സ്പേർപാർട്ട്' കിട്ടിത്തുടങ്ങിയിട്ടില്ലല്ലോ!





സ്ത്രീക്ക് അരങ്ങത്തേറുകയേ പോംവഴിയുള്ളൂ. അഭിനയം തൊഴിലായി സ്വീകരിച്ചവരുടെ കമ്പനികളിൽ മറിച്ചു കാണാറില്ല. ഇപ്പോൾ കോഴിക്കോട് മുതലായ നഗരങ്ങളിൽ അമേച്ചേഴ്സ് ഡ്രാമസൊസൈറ്റികളിൽപ്പോലും സ്ത്രീവേഷം കെട്ടാൻ സ്ത്രീകളാണ്; നല്ല തറവാട്ടിൽപ്പിറന്നവരും നല്ല നിലയിൽ കഴിയുന്നവരുമായ സ്ത്രീകൾ. പക്ഷേ, ആ സഹോദരിമാരെ അനുകരിക്കാൻ നമ്മുടെ നാട്ടിൻപുറത്തെ ബാലികമാർ മുന്നോട്ടുവരുന്നില്ല. വരുവാൻ ഇഷ്ടപ്പെടുന്ന പലരുമുണ്ട്; ഒന്നു സമ്മതം മൂളാൻ നമ്മളിൽ ചില കാരണവന്മാരുടെ തറവാടിത്തബോധം അനുവദിക്കുന്നില്ല എന്നതാണ് പരമാർത്ഥം. എന്നാൽ പൊന്നാനിയിൽ 'കൃപാ' പ്രൊഡക്ഷൻസ് എന്ന പേരിൽ നടത്തിവരുന്ന നാടകസംഘത്തിലേക്ക് സ്വന്തം പെൺമക്കളെ അയച്ചുതന്നെ ഉൽപ്പതിഷ്ണുക്കളായ പിതാക്കളെ ഞാനിവിടെ അഭിനന്ദനപൂർവം സ്മരിക്കുന്നുണ്ട്.

എന്താണ് നമ്മുടെ വിഷമം? വെറും യാഥാസ്ഥിതികത്വവും സ്ത്രീസ്വാതന്ത്ര്യത്തിനു നേർക്കുള്ള കണ്ണുകടിയുമാണോ? അത്രയുമല്ല ഉള്ളൂ. അഥവാ കാര്യം അതല്ലതന്നെ. നിർഭാഗ്യവശാൽ പണ്ടേയ്ക്കു പണ്ടേ ദുഷ്പേരെടുത്ത ഒരു സമുദായമാണ് നടികളുടേത്. നർത്തകി എന്ന വാക്കിന്റെ പര്യായഭേദം കൊണ്ടാണ് ഇന്നാട്ടിൽ വ്യഭിചാരിണി എന്ന് അഭിസംബോധന ചെയ്യുന്നത്. അതാകട്ടെ, ആരാധകന്മാർ വ്യഭിചാരിണിക്കു കൊടുത്ത ഓമനപ്പേരാണെന്ന കാര്യം മറന്നുപോയിരിക്കുന്നു. കാര്യമെന്തായാലും ഈ പൊതുധാരണയുടെ മുമ്പിൽ നമ്മൾ ചൂളിപ്പോവുകയാണ്. രാജശാസനത്തെക്കാളേറെ സദാചാരത്തെ ബഹുമാനിക്കുന്ന ഒരു പാരമ്പര്യം കൊണ്ട് സ്വന്തം സ്ത്രീകളുടെ മേൽ ഭാവനാമാത്രമായ കരിനിഴൽപോലും വീഴുന്നത് നമുക്ക് സഹ്യമല്ലാതായിരിക്കയാണ്.

നാം എല്ലാമൊന്ന് അഴിച്ചു ചിന്തിക്കേണ്ടിയിരിക്കുന്നു. കാലം മാറിയിട്ടുണ്ട്. പണത്തിളപ്പുകൊണ്ട് എല്ലാം മറന്ന നാലഞ്ചു ദുഷ്ടപ്രഭുക്കളുടെ മുമ്പിൽ അഴിഞ്ഞാടുകയും സ്വന്തം അരച്ചാൺ വയറിന്റെ തൽക്കാലശാന്തി അവരുടെ പെരുമടിശ്ശീലയിലാകയാൽ സ്വന്തം മെയ്മാംസം വിലക്കുവാൻ നിർബന്ധിതകളാവുകയും ചെയ്യുന്ന നടികളുടെ കാലം എന്നെന്നേക്കുമായി കഴിഞ്ഞിരിക്കുന്നു. പോരെങ്കിൽ അഭിനയം തൊഴിലായി സ്വീകരിക്കുന്നവരുടെ കഥയല്ലല്ലോ ചിന്താവിഷയം! അഭിനയകലയിൽ വാസനയും സമുചിതമായ വിദ്യാഭ്യാസവും സിദ്ധിച്ചവരും സ്വന്തം ഗ്രാമത്തിലുള്ള നാടകവേദിയിൽ സ്വജനങ്ങളുടെ മധ്യത്തിൽവെച്ച് കലാവിദ്യയിലുള്ള താത്പര്യം കൊണ്ടു മാത്രം ഒട്ടുംതന്നെ അശ്ലീലമല്ലാത്ത കഥകൾ അഭിനയിക്കുന്നവരുമായ ബാലികമാരേയും യുവതികളെയും കുറിച്ചല്ലേ? അപ്പോൾ കാരണവന്മാരുടെ ഭയസംഭ്രാന്തികൾ അസ്ഥാനത്താണെന്ന് ബോധ്യപ്പെടും. കൂട്ടത്തിൽ നമ്മളിൽത്തന്നെയുള്ള അശ്ലീലവാസനകളെ നമ്മളും പരിഹരിക്കേണ്ടിയിരിക്കുന്നു. പുറത്തിറങ്ങുന്ന പെൺകിടാങ്ങളെപ്പറ്റി പുലഭ്യം പറയാനും അതു കേൾക്കാനുമുള്ള ദുർവാസന ഒരിടത്തു വളർന്നുവരുന്നുണ്ട്. അതാകട്ടേ, വ്യക്തിജീവിതത്തേയും സമൂഹജീവിതത്തെയും ഒരുപോലെ വഷളാക്കുന്ന ഒന്നാണ്. ദുഷ്കർമ്മത്തേക്കാൾ ആപത്ക്കരമായത് അതിനെപ്പറ്റിയുള്ള രസംപിടിച്ച സംഭാഷണമാണ്. പകർച്ചവ്യാധിയുടെ രോഗാണുക്കളാണവ.

ഈയിടെ ഒരു ഫിലിം കണ്ടു. ഈ നാട്ടിലേതല്ല, റഷ്യനാണ്. അതുകൊണ്ടുതന്നെ അതിന്റെ എല്ലാ നന്മകളും അസ്തമിച്ചു എന്നു വിശ്വസിക്കുന്നവരോട് ഒന്നും പറയാനില്ല. റഷ്യൻ ആയതുകൊണ്ടുതന്നെ അതു മഹത്താണ് എന്ന് വിശ്വസിക്കുന്നവരുടെ കൂട്ടത്തിലുമല്ല ഈ ലേഖകൻ. കണ്ടതു കണ്ടതുപോലെ പറയുകയാണ്. താരുണ്യം മുറ്റിയ യുവതീയുവാക്കളുടെ ഇടകലർന്ന കായികാഭ്യാസമായിരുന്നു പ്രദർശിപ്പിച്ചത്. ഇരുകൂട്ടരും ആണും പെണ്ണും-അല്പവസ്ത്രധാരികളായിരുന്നു. എന്നിട്ടും അതു നോക്കിക്കൊണ്ടിരുന്നപ്പോൾ യാതൊരശ്ലീലപ്രതീതിയും തോന്നിയില്ല. മാന്യന്മാരും ചെറ്റകളും സംസ്കാരസമ്പന്നന്മാരും അറുമൂർഖന്മാരും എല്ലാ തരക്കാരും നിരന്നിരുന്ന ആ സദസ്സിൽനിന്ന്, പലപ്പോഴും നമ്മുടെ സിനിമാശാലകളിൽ നിന്നുയരാറുള്ള വിധം ഒരപശബ്ദവും ഉയർന്നുമില്ല. എല്ലാവരും പ്രീതിയോടും ഔത്സുക്യത്തോടുംകൂടി അതു നോക്കിക്കൊണ്ടിരുന്നു. എന്താണ് കാരണം? ആ നടിമാർ സുന്ദരികളും അല്പവസ്ത്രധാരിണികളുമായിരുന്നെങ്കിലും അവരുടെ മുഖത്ത് 'ഞങ്ങളെ എന്തും ചെയ്തോളൂ' എന്ന ഭാവം സ്ഫുരിച്ചിരുന്നില്ല. ആ പുരുഷന്മാരുടെ മുഖത്തും മാംസദാഹമുള്ള ചെന്നായയുടെ തിളങ്ങുന്ന കണ്ണുകൾ ഇല്ലായിരുന്നു. നടീനടന്മാരുടെ മുഖത്തുള്ളതേ ദ്രഷ്ടാവിന്റെ മനസ്സിലുണ്ടാവൂ എന്നർഥം. അപ്പോൾ അഭിജാതമായ ഭാവം നടീനടന്മാരെ ആയിരമായിരം കരിങ്കണ്ണുകളിൽനിന്ന് രക്ഷപ്പെടുത്തും.

നമ്മുടെ സ്ത്രീകൾ നിസ്സങ്കോചം നാടകവേദിയിൽ പ്രവേശിക്കുകതന്നെ വേണം. സർവോപരി, ഞാൻ വിശ്വസിക്കുന്നത്, കാരണവന്മാരായ നമ്മുടെ പിന്നാലെ വരുന്ന ഇളംതലമുറകൾ





നമ്മെക്കാൾ സദാചാരനിഷ്ഠയുള്ളവരാണെന്നാണ്. ഇതും ഇക്കാര്യത്തിൽ ഗണനീയമാണല്ലോ.

ഓരോ ഗ്രാമത്തിലും ഓരോ നാടകവേദി എന്നതിന്നർഥം, ഗ്രാമം തോറും സരസ്വതീക്ഷേത്ര ങ്ങൾ നിർമിക്കുക എന്നാണ്. അന്ധതയിലും അകിഞ്ചനത്വത്തിലും കിടന്നു കരയുന്ന അനേക കോടിയായ സ്വന്തം കിടാങ്ങൾക്ക് അമ്മിഞ്ഞ കൊടുക്കുവാൻ ആ പ്രപഞ്ചവിധാത്രിക്ക് ഓരോ മ ണിപീഠം പണിയുകയെന്നാണ്. ഈ സ്വപ്നം അചിരേണ ഫലിക്കുകയില്ലേ?

കുമരനല്ലൂർ ബോർഡ് ഹൈസ്കൂൾ രജതജൂബിലി സ്മാരകഗ്രന്ഥം 1954, പു. 90–4